"ഭരണഭാഷ - മാതൃഭാഷ"

**വളരെ അടിയന്തിരം**
**സമയബന്ധിതം**

# വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സംസ്ഥാനം)**

നമ്പർ: ജി1/18750/16(2)

ചാക്ക, തിരുവനന്തപുരം
തീയതി: 10-01-2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017 (സെമസ്റ്റർ സ്കീം) ഫിറ്റർ, ഇലക്ട്രീഷ്യൻ ട്രേഡുകളുടെ ട്രേഡ് തിയറി പരീക്ഷയ്ക്ക് എ,ബി,സി,ഡി കോഡ് രേഖപ്പെടുത്തിയ ചോദ്യപേപ്പറുകൾ വതരണം നടത്തും എന്നുള്ള ഡി.ജി.റ്റി. നിർദ്ദേശം - തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഡി.ജി.റ്റി യിൽ നിന്നുള്ള MSDE-18011/01/CTS/Jan/2017-TTC നമ്പരായുള്ള 06-01-2017 ലെ കത്ത്.

****************

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ഫെബ്രുവരി 2017 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ ഡി.ജി.റ്റി. സൂചന പ്രകാരം നൽകുകയും ആയത് എല്ലാ സ്ഥാപന മേധാവികൾക്കും തുടർ നടപടികൾക്കായി ലഭ്യമാക്കുകയും ചെയ്തിരുന്നു. ടി കത്തിൽ ഫിറ്റർ, ഇലക്ട്രീഷ്യൻ ട്രേഡുകളുടെ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്ററിലേക്കുള്ള ട്രേഡ് തിയറി പരീക്ഷകൾക്ക് എ, ബി, സി, ഡി കോഡ് നമ്പർ രേഖപ്പെടുത്തിയ ചോദ്യപേപ്പറുകൾ ആണ് വിതരണം നടത്തുന്നതെന്ന് അറിയിച്ചിരുന്നു. ആയത് പ്രകാരം ആദ്യ ട്രെയിനിക്ക് 'എ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള സീരീസിലെ ചോദ്യപേപ്പറും. രണ്ടാമത്തെ ട്രെയിനിക്ക് 'ബി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും മൂന്നാമത്തെ ട്രെയിനിക്ക് 'സി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും നാലാമത്തെ ട്രെയിനിക്ക് 'ഡി' എന്ന് രേഖപ്പെടുത്തിയിട്ടുള്ള സീരീസിലെ ചോദ്യപേപ്പറും ഈ ക്രമത്തിൽ എല്ലാ ട്രെയിനികൾക്കും ക്ലാസിലെ ഇൻവിജിലേറ്റർമാർ വിതരണം നടത്തേണ്ടതാണ്. ടി ട്രേഡിലെ ട്രെയിനികളുടെ ട്രേഡ് തിയറി ചോദ്യപേപ്പറിൽ ഏത് കോഡാണോ (A,B,C,D) രേഖപ്പെടുത്തിയിരിക്കുന്നത് പ്രസ്തുത കോഡ് ആണ് ട്രെയിനികൾ തങ്ങളുടെ ട്രേഡ് തിയറി ഒ.എം.ആർ ഉത്തരക്കടലാസിൽ രേഖപ്പെടുത്തേണ്ടത്.

ഇത് സംബന്ധിച്ച് ടി ട്രേഡിലെ ട്രെയിനികൾക്ക് ക്ലാസിൽ വിശദമായ രീതിയിൽ വിശദീകരിച്ച് നൽകേണ്ടതും ടി അറിയിപ്പ് ട്രെയിനികളുടെ അറിവിലേക്കായി നോട്ടീസ്

ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് വിളിച്ച് ചേർക്കുന്ന മീറ്റിംഗുകളിൽ ടി വിഷയം വിശദമായി തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിലെ മേധാവികളെ അറിയിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

ടി ട്രേഡുകളുടെ ട്രേഡ് തിയറി പരീക്ഷാ ദിനങ്ങളിൽ ഇത് സംബന്ധിച്ച വ്യക്തമായ നിർദേശം ബന്ധപ്പെട്ട ചീഫ് സൂപ്രണ്ട്മാർ ഇൻവിജിലേറ്റർമാർക്ക് വിശദീകരിച്ച് നൽകേണ്ടതാണ്. കോഡ് നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന കാരണത്താൽ ഒ.എം.ആർ ഷീറ്റുകൾ റീഡ് ചെയ്യാൻ കഴിയാതെ വരുകയും ഇത് റിസൾട്ടിനെ ഗുരുതരമായി ബാധിക്കുകയും ചെയ്യും എന്നുള്ളതിനാൽ ടി നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/ സ്വകാര്യ/ഐ.ടി.ഐ
പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/12.01